(ബി) ഇപ്പോൾ എന്തെല്ലാം തസ്തികകളിലാണ് ഒഴിവുള്ളത്; ഈ ഒഴിവുകൾ നികത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(സി) തൃശ്ശൂരിൽ നിന്നും മുളംകുന്നത്തു കാവിലേയ്ക്ക മെഡിക്കൽ കോളേജ് മാറ്റി സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) മുളംകുന്നത്തുകാവിൽ കാഷ്വാലിറ്റി വാർഡ് തുറന്നിട്ടുണ്ടോ;

(ഇ) മുളംകുന്നത്തുകാവിൽ പൂർത്തിയായിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണ്?

ഉത്തരം

(എ) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഒഴിവുകളുള്ള തസ്തികകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.* ലക്ചറർ തസ്തികകളിലുള്ള ഒഴിവുകളിലേയ്ക്ക് പി. എസ്സ്.സി ലിസ്റ്റ് നിലവിലുള്ള വിഭാഗങ്ങളിൽ പ്രസ്തുത ലിസ്റ്റിൽ നിന്നും പി. എസ്സ്.സി ലിസ്റ്റ് നിലവിലില്ലാത്ത തസ്തികകളിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും കരാർ അടിസ്ഥാനത്തിലും നിയമനം നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മറ്റ് ഒഴിവുള്ള ഉയർന്ന തസ്തികളിലേക്ക് പ്രമോഷൻ നൽകി നിയമനം നൽകാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. എന്നാൽ പ്രമോഷന് യോഗ്യരായ ഡോക്ടർമാരുടെ അഭാവത്തിൽ ചില തസ്തികകൾ ഒഴിഞ്ഞു കിടപ്പുണ്ട്.

(സി) 400 കിടക്കകളുള്ള ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണം മുളംകുന്നത്തു കാവിൽ പൂർത്തിയായി. പക്ഷേ മെഡിക്കൽ കോളേജിന് കെട്ടിടം കൈമാറിയിട്ടില്ല. കുടിവെള്ളത്തിനായി പീച്ചിയിൽ നിന്നും മുളംകുന്നത്തുകാവ് മെഡിക്കൽ കോളേജ് കാംപസിലേക്കുള്ള പൈപ്പുലൈനിന്റെ നിർമ്മാണം ത്വരിതഗതിയിൽ നടക്കുന്നു, എന്നാൽ റയിൽവേ ഓവർബ്രിഡ്ജിന്റെയും റോഡിന്റെയും നിർമ്മാണം പൂർത്തിയായിട്ടില്ല.

(ഡി) മുളംകുന്നത്തുകാവിലുള്ള നെഞ്ചുരോഗ ആശുപത്രിയിൽ കാഷ്വാലിറ്റി വാർഡ് തുറന്നിട്ടുണ്ട്.

(ഇ) 400 കിടക്കകളുള്ള ആശുപത്രി ബ്ളോക്കിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

164(191) പ്രോസ്തെറ്റിക് ആന്റ് ഓർത്തോട്ടിക് എഞ്ചിനീയറിംഗ് തസ്തികകൾ

ശ്രീ.പി.കെ.അബ്ദുറബ്ബ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നല്കുമോ :

(എ) മെഡിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിൽ കോഴിക്കോടും കോട്ടയത്തുമുള്ള മെഡിക്കൽ കോളേജുകളിൽ നിലവിലുള്ളതും 2.2.1990-ലെ ജി.ഒ(എം.എസ്) 29/90/എച്ച് ആന്റ് എഫ്.ഡബ്ള്യൂ.ഡി ഉത്തരവ് അനുസരിച്ച് സൃഷ്ടിച്ചിട്ടുള്ളതുമായ പ്രോസ്തെറ്റിക് ആന്റ് ഓർത്തോട്ടിക് എഞ്ചിനീയറിംഗ്

---

* അനുബന്ധം XXIX

LIBRARY ARCHIVES Kerala Legislative Assembly

തസ്തികകൾ നാളിതുവരെ ബഡ്ജറ്റിനോടനുബന്ധിച്ചുള്ള സ്റ്റാഫ് ഡീറ്റെയിൽസിൽ ഉൾപ്പെടുത്താത്തതിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) അടുത്ത വർഷത്തെ ബഡ്ജറ്റിൽ ഇവ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള ശമ്പള സ്കെയിൽ പുതുക്കി നിശ്ചയിക്കാൻ മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ടോ;

(ഡി) എങ്കിൽ ഏത് ശമ്പളസ്കെയിലാണ് നിർദ്ദേശിച്ചിട്ടുള്ളത്;

(ഇ) ഡി.എം.ഇ യുടെ ശുപാർശ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ,ബി)ഇവ പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി.ഡി.ഇ) പ്രസ്തുത തസ്തികയ്ക്ക് പുതുക്കിയ ശമ്പള സ്കെയിൽ പുതുക്കി നിശ്ചയിക്കണമെന്ന് ഒരു നിർദ്ദേശം പരിശോധിച്ചു വരുന്നു.

165(192) പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സൊസൈറ്റിക്കുവേണ്ടി പണപ്പിരിവ്

ശ്രീമതി രാധാരാഘവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നല്കുമോ :

(എ) കോഴിക്കോട് മെഡിക്കൽ കോളേജിനോടനുബന്ധിച്ചുള്ള പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സൊസൈറ്റിക്കുവേണ്ടി പണം പിരിച്ച് നല്കാമെന്ന് ഏതെങ്കിലും വിദേശ സംഘടന വാഗ്ദാനം നല്കിയിട്ടുണ്ടോ;

(ബി) ബ്രിട്ടൺ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഗ്ലോബൽ കാൻസർ കൺസേൺ എന്ന സംഘടന ഈ ആവശ്യത്തിനായി വിദേശരാജ്യങ്ങളിൽ പണപ്പിരിവ് നടത്തിയതായി വിവരം ലഭിച്ചിട്ടുണ്ടോ;

(സി) സൊസൈറ്റിക്കുവേണ്ടി പിരിച്ച പണം കൈമാറണമെന്ന് ആവശ്യപ്പെട്ട് സർക്കാർ ബ്രിട്ടീഷ് സംഘടനയെ സമീപിച്ചിരുന്നോ;

(ഡി) എങ്കിൽ എന്തു മറുപടി ലഭിച്ചു എന്നു വ്യക്തമാക്കാമോ; എത്ര കോടി രൂപ പിരിച്ചുവെന്നത് സംബന്ധിച്ച കണക്ക് ലഭ്യമാണോ;

(ഇ) സൊസൈറ്റിക്ക് ധനസഹായം നല്കുന്നത് സംബന്ധിച്ച ഗ്ലോബൽ കാൻസർ കൺസേൺ എന്ന സ്ഥാപനവുമായി കരാർ ഒപ്പുവച്ചിട്ടുണ്ടോ; എങ്കിൽ കോപ്പി ലഭ്യമാക്കുമോ; കരാർ പ്രകാരം സ്ഥാപനം പ്രവർത്തിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) തലശ്ശേരിയിൽ കാൻസർ ആശുപത്രി സ്ഥാപിക്കുന്നതിന് പണം സ്വരൂപിക്കാൻ ഏതെങ്കിലും വിദേശ കമ്പനിയുമായി കരാർ ഉണ്ടാക്കിയിട്ടുണ്ടോ;

(ജി) എങ്കിൽ ആ കമ്പനി എത്ര പണം ഇക്കാര്യത്തിനു സ്വരൂപിച്ചു എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly